# അങ്കമാലി നഗരസഭ

08.01.2024

**നവകേരള സദസ് മുൻപാകെ ഡോക്കറ്റ് നം. (EKM 0750211) പ്രകാരം ശ്രീ.എൽദോസ് കെ.ജി. എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ അങ്കമാലി നഗരസഭ സെക്രട്ടറി സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്.**

അങ്കമാലി നഗരസഭ XI/248A നമ്പർ കെട്ടിടം ബി.എ.73/19–20 പ്രകാരം ശ്രീ.ആന്റണി കെ.വി., കരിങ്ങേൻ വീട് പേരിൽ ഒക്യുപ്പെൻസി അനുവദിച്ചിരുന്നതും കെട്ടിടത്തിൽ അനധികൃതമായി ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ എന്നിവയിൽ 3 മീറ്റർ വീതിയിൽ ഓപ്പൺ വരാന്തയും സെക്കന്റ് ഫ്ളോറിന് മുകളിൽ ഷീറ്റ് റൂഫിംഗും നിർമ്മിച്ചതിനെ തുടർന്ന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടമായി കണക്കാക്കി 11/248എ (യു.എ.)2/22 എന്ന് യു.എ. നമ്പർ നൽകി 2021–22 രണ്ടാം അർദ്ധ വർഷം മുതൽ യു.എ. നികുതി ചുമത്തിയിട്ടുള്ളതുമാണ്.

05.01.2023–ലെ 39/2023–ാം നമ്പർ തീറാധാര പ്രകാരം ശ്രീ.എൽദോസ് കെ.ജി. മുതൽ പേർ ടി കെട്ടിടം വാങ്ങിയിട്ടുള്ളതും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി ലഭിക്കുന്നതിന് നഗരസഭയിൽ 01.06.2023–ൽ അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ടി അപേക്ഷ റവന്യു വിഭാഗത്തിലെ ഉദ്യോഗർ പരിശോധിച്ചതിനെ തുടർന്നാണ് ടി കെട്ടിടം അനധികൃതമാണെന്ന് ടിയാൻ മനസ്സിലാക്കുന്നത്. തുടർന്ന് 01.06.2023–ൽ തന്നെ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിന് സമ്മതമാണെന്ന് നഗരസഭയെ അറിയിച്ചെങ്കിലും 07.10.2023–ൽ നഗരസഭ എഞ്ചിനീയറിംഗ് വിഭഗത്തിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയിട്ടില്ലെന്നുള്ള ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 17.10.2023–ന് ആയത് പൊളിച്ച് നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് 05.12.2023–ൽ കെട്ടിടം പൊളിച്ച് നീക്കം ചെയ്തതായി ടിയാൻ രേഖാമൂലം അറിയിക്കുകയും തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയതായി 13.12.2023–ൽ നഗരസഭ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളിതുവരെയുള്ള യു.എ. നികുതി കുടിശ്ശിക ഒടുക്കിയതിനുശേഷം യു.എ. അസസ്സ്മെന്റ് ക്യാൻസൽ ചെയ്യാവുന്നതും റഗുലറൈസ് നമ്പർ ലഭ്യമാക്കാവുന്നതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

MUNICIPAL OFFICE ANGAMALY

മുനിസിപ്പൽ സെക്രട്ടറി

sh